# കേരള സർവകലാശാല

നം. പി.ആർ.119/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷ മാറ്റിവച്ചു

ജൂൺ 5 ന് ആരംഭിക്കേണ്ടിയിരുന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷ ജൂൺ 18 ലേക്ക് മാറ്റി. പുതുക്കിയ തീയതി പിന്നീട് പ്രസിദ്ധീകരിക്കും.

## ബി.എസ്.സി പ്രാക്ടിക്കൽ പരീക്ഷ

2017 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ), കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ജൂൺ 14ാം തീയതി നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പ്രാക്ടിക്കൽ പരീക്ഷ, വൈവാ-വോസി

ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി ജ്യോഗ്രഫി പ്രാക്ടിക്കൽ പരീക്ഷയും വൈവാ-വോസിയും ജൂൺ 4 മുതൽ 13 വരെ അതാത് കോളേജുകളിൽ വച്ചു നടത്തുന്നതാണ്.വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.വി.എ പരീക്ഷകൾ

മൂന്നാം സെമസ്റ്റർ, നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് വിഷ്വൽ ആർട്സ്(എം.വി.എ) പരീക്ഷകൾ ജൂൺ 1 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ടൈംടേബിൾ

കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് കാറ്ററിംഗ് സയൻസിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് 30 മുതൽ ജൂൺ 6 വരെ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ വച്ചു നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018-9
## ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജ് (എയ്ഡഡ്), തോന്നയ്ക്കൽ,തിരുവനന്തപുരം. പുതിയ കോളേജ് / കോഴ്സുകൾ- ഓൺലൈൻ അപേക്ഷ നൽകാം.

കേരള സർവകലാശാലയിൽ പുതുതായി അഫിലിയേറ്റ് ചെയ്ത എയ്ഡഡ് കോളേജായ തിരുവനന്തപുരം തോന്നയ്ക്കൽ ശ്രീ സത്യസായ് ആർട്സ് & സയൻസ് കോളേജിൽ ബി.എ ഇംഗ്ലീഷ് (30 സീറ്റ്), ബി.കോം. ഫിനാൻസ് (40 സീറ്റ്), ബി.എസ്.സി ഫിസിക്സ് (30 സീറ്റ്) എന്നീ കോഴ്സുകൾ അനുവദിച്ചു.

താൽപ്പര്യമുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈനായി അപേക്ഷ നൽകാവുന്നതാണ്.നിലവിൽ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്കും ഈ കോളേജും കോഴ്സുകളും അപേക്ഷയിൽ ചേർക്കാവുന്നതാണ്.പുതുതായി കോളേജും കോഴ്സും നൽകുന്ന വിദ്യാർത്ഥികൾ മാറ്റം വരുത്തിയ പുതിയ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.ഇതിനായി സർവകലാശാലയിലേക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം2018
## സി.ബി.എസ്.ഇ പാസ്സായവർക്കും അപേക്ഷിക്കാം.

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും (ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ), യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള 2018-19 വർഷത്തെ പ്രവേശനത്തിന് ഓൺലൈൻ രജിസ്ട്രേഷൻ (https://admissions.www.keralauniversity.ac.in)പുരോഗമിക്കുന്നു.

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും 2018-19 വർഷം ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്.എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും എസ്.സി/ എസ്.റ്റി/എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. കേരള സർവകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.സി.ബി.എസ്.ഇ 12 ാം ക്ലാസ്സ് പരീക്ഷാഫലം പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ വിജയിച്ചവർക്ക് ഈ അവസരം പ്രയോജനപ്പെടുത്താം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, വികലാംഗർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവരും തന്നെ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാലയിലേക്ക് അയയ്ക്കേണ്ടതില്ല.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.ടെക്- സൂക്ഷ്മ പരിശോധന

2017 മേയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം റീസ്ട്രക്ചേർഡ് -2013 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾ ടിക്കറ്റുമായി മേയ് 28 മുതൽ ജൂൺ 4 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ബി.ടെക് റീവാല്യുവേഷൻ സെക്ഷനിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.

26.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**